66. സൂറത്തു ത്തഹ്‌രീം سورة التحريم

മദീനായിൽ അവതരിച്ചത് വചനങ്ങൾ 12 വിഭാഗം (റുകൂഅ്) 2

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَٰٓأَيُّهَا ٱلنَّبِيُّ لِمَ تُحَرِّمُ مَآ أَحَلَّ ٱللَّهُ لَكَۖ تَبۡتَغِي مَرۡضَاتَ أَزۡوَٰجِكَۚ وَٱللَّهُ غَفُورٞ رَّحِيمٞ ﴿١﴾

1 ഹേ, നബിയേ, അല്ലാഹു നിനക്ക് അനുവദനീയമാക്കിത്തന്നിട്ടുള്ളതിനെ നീ എന്തിന് നിഷിദ്ധമാക്കുന്നു?! നീ നിൻെറ ഭാര്യമാരുടെ പ്രീതിയെ തേടുന്നു. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാ നിധിയുമാകുന്നു.

---

1 **يا أيها النبي** ഹേ, നബിയേ. **لم تحرم** എന്തിനാണ് ഹറാമാ (നിഷിദ്ധമാ)ക്കുന്നത്. **ما أحل الله** അല്ലാഹു ഹലാലാ (അനുവദനീയമാ)ക്കിയതിനെ. **لك** നിനക്ക്. **تبتغي** നീ ഉദ്ദേശിച്ചു (തേടി)കൊണ്ട് നീ തേടുന്നു,. **مرضاة** പ്രീതി, തൃപ്തി. **أزواجك** നിൻെറ ഇണകളുടെ (ഭാര്യമാരുടെ). **والله غفور** അല്ലാഹു പൊറുക്കുന്നവനാണ്. **رحيم** കരുണാനിധിയാണ്.

ആയിശാ (ﷺ) പ്രസ്താവിച്ചതായി ബുഖാരീ, മുസ്‌ലിം (ﷺ) മുതലായവർ ഇപ്രകാരം ഉദ്ധരിക്കുന്നു: ''അസ്ർ നമസ്കാരം കഴിഞ്ഞാൽ നബി (ﷺ) തൻെറ ഭാര്യമാരുടെ അടുക്കൽ പോകാറുണ്ടായിരുന്നു. (അക്കൂട്ടത്തിൽ) സൈനബയുടെ അടുത്തു പോകുകയും, അവിടെ നിന്നു തേൻ കുടിക്കുകയും ചെയ്തിരുന്നു. ഞാനും ഹഫ്‌സ്വയും കൂടി ഇങ്ങനെ പറഞ്ഞൊത്തു. നബി (ﷺ) ഞങ്ങൾ രണ്ടു പേരിൽ ആരുടെ അടുക്കൽ വന്നാലും അവൾ അവിടത്തോട് ഇങ്ങിനെ പറയണം. ''തിരുമേനിയിൽനിന്ന് 'മഗാഫീറി'ൻെറ വാസന അനുഭവപ്പെടുന്നുവല്ലോ!'' അങ്ങനെ, തിരുമേനി ഒരാളുടെ അടുക്കൽ ചെന്നപ്പോൾ അവൾ അങ്ങനെ പറയുകയും ചെയ്തു. തിരുമേനി പറഞ്ഞു: ''ഇല്ല. ഞാൻ സൈനബയുടെ അടുക്കൽ നിന്നു തേൻ കുടിച്ചതാണ്. ഇനി, അത് ആവർത്തിക്കുന്നതുമല്ല. ഞാൻ ശപഥം ചെയ്തിരിക്കുന്നു. നീ മറ്റാരോടും ഇതിനെപ്പറ്റി പ്രസ്താവിക്കരുത്.'' ('മഗാഫീർ' എന്നു പറഞ്ഞത് ഏതോ ഒരു വൃക്ഷത്തിൻെറ കറ-അഥവാ ഗൂന്ത്-ആകുന്നു. അതിൻെറ വാസന സുഖകരമല്ല. രുചിയാകട്ടെ മധുരവുമാണ്. ഈ സംഭവത്തെത്തുടർന്നാണ്) ഈ വചനങ്ങൾ അവതരിപ്പിച്ചത് എന്നാണ് ബലമായ അഭിപ്രായം. വേറെയും അഭിപ്രായങ്ങൾ ഉണ്ട്.

ആയിശാ (ﷺ) അബൂബക്കർ (ﷺ) ൻെറ മകളും, ഹഫ്‌സ്വ (ﷺ) ഉമർ (ﷺ) ൻെറ മകളുമാകുന്നു. തിരുമേനിയുടെ പത്നിമാരിൽ ഇവർ രണ്ടുപേരും തമ്മിൽ പ്രത്യേക സ്നേഹബന്ധമുണ്ടായിരുന്നു. മറ്റുള്ളവരെക്കാൾ അഭിമാനികളുമായിരുന്നു. ആ നിലക്ക് സൈനബാ (ﷺ) യുടെ അടുക്കൽ നിന്നു നബി (ﷺ) തേൻകുടിക്കാറുള്ള വിവരം അറിഞ്ഞപ്പോൾ അവർക്ക് രണ്ടുപേർക്കും അതത്ര രസിച്ചില്ല. മേലിൽ ആ പതിവ് ഇല്ലാതായിത്തീരുവാൻവേണ്ടി രണ്ടുപേരുംകൂടി എടുത്ത ഒരു സൂത്രമായിരുന്നു അത്. ഇതു കേവലം സ്ത്രീ സഹജമായ ഒരു സ്വഭാവമാണല്ലോ. നബി (ﷺ) തിരുമേനിയാകട്ടെ, തന്നിൽനിന്നു സുഗന്ധമല്ലാതെ, ദുർഗന്ധം പുറത്തു വരുത്തുന്നത് ഒട്ടും ഇഷ്ടപ്പെടാത്ത ആളുമാണ്.

അല്ലാഹു ഹലാലാക്കിയ (അനുവദനീയമാക്കിയ) ഒരു ഉത്തമ വസതുവാണ് തേൻ. ചില ഭാര്യമാരുടെ അപ്രീതി സമ്പാദിക്കാതിരിക്കുവാൻ വേണ്ടിയാണ് തിരുമേനി മേലിൽ അതു കുടിക്കുകയില്ലെന്നു ശപഥം ചെയ്തത്. ഇതിനെക്കുറിച്ചാണ് അല്ലാഹു തിരുമേനിയെ ആക്ഷേപിച്ചത്. അത് തിരുമേനിയുടെ പദവിക്ക് യോജിച്ചതായില്ല-അഥവാ, ഭാര്യമാരുടെ പ്രീതിക്കുവേണ്ടി ആ

പറഞ്ഞതു നന്നായില്ല-എന്നതാണ് ആക്ഷേപത്തിനു കാരണം. എന്നല്ലാതെ, അല്ലാഹു അനുവദനീയമാണെന്നു കൽപിച്ച ഒരു കാര്യം തിരുമേനി നിഷിദ്ധമാണെന്ന് (ഹറാമാണെന്ന്) വിധിച്ചുവെന്നോ, അല്ലാഹുവിൻെറ വിധിയെ നബി (ﷺ) അവഗണിച്ചുവെന്നോ അല്ല ഉദ്ദേശ്യം. നബി (ﷺ) തിരുമേനി ഒരിക്കലും അങ്ങിനെ ചെയ്കയില്ലെന്നു സ്പഷ്ടമാണല്ലോ. ''നബിയേ'' എന്ന് വിളിച്ചുകൊണ്ടാണ് അല്ലാഹു ആക്ഷേപം ഉന്നയിക്കുന്നത്. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാണ് എന്ന് പറഞ്ഞുകൊണ്ട് അത് സമാപിക്കുകയും ചെയ്തിരിക്കുന്നു. ഇതുപോലെ നന്നല്ലാത്ത വല്ല വിഷയത്തെക്കുറിച്ചും സത്യം ചെയ്തു കഴിഞ്ഞാൽ, പിന്നീട് അതിനു പ്രായശ്ചിത്തം ചെയ്തു മടങ്ങേണ്ടതുണ്ട് എന്ന് അടുത്ത വചനത്തിൽ ചൂണ്ടിക്കാട്ടുന്നു:-

قَدْ فَرَضَ ٱللَّهُ لَكُمْ تَحِلَّةَ أَيْمَٰنِكُمْ ۚ وَٱللَّهُ مَوْلَىٰكُمْ ۖ وَهُوَ ٱلْعَلِيمُ ٱلْحَكِيمُ ﴿٢﴾

2 നിങ്ങളുടെ സത്യങ്ങൾക്കുള്ള പരിഹാരം അല്ലാഹു നിങ്ങൾക്ക് നിയമിച്ചു തന്നിട്ടുണ്ട്; അല്ലാഹു നിങ്ങളുടെ 'മൗലാ' [യജമാനൻ] ആകുന്നു; അവനത്രെ അഗാധജ്ഞനായ സർവ്വജ്ഞൻ.

---

2 **قد فرض الله** അല്ലാഹു നിയമിച്ചിട്ടുണ്ട്. **لكم** നിങ്ങൾക്ക്. **تحلة أيمانكم** നിങ്ങളുടെ സത്യങ്ങളുടെ പരിഹാരം. **والله** അല്ലാഹു. **مولاكم** നിങ്ങളുടെ യജമാനൻ, (രക്ഷാധികാരി, സഹായകൻ, ഉറ്റബന്ധു) ആകുന്നു. **وهو** അവൻതന്നെ. **العليم** സർവ്വജ്ഞൻ. **الحكيم** അഗാധജ്ഞനായ, യുക്തിമാൻ.

ചെയ്ത സത്യത്തിൽനിന്നു മടങ്ങുമ്പോൾ അതിനു പ്രായശ്ചിത്തം നൽകേണ്ടതുണ്ടെന്ന നിയമം ഓർമ്മിപ്പിക്കുകയാണ് ഈ വചനം ചെയ്യുന്നത്. പ്രായശ്ചിത്തം എന്താണെന്ന് സൂ: മാഇദഃ 92-ാം വചനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. പത്തു ദരിദ്രൻമാർക്കു ഭക്ഷണമോ വസ്ത്രമോ നൽകുക, അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുക, സാധിക്കാത്തപക്ഷം മൂന്നു ദിവസം നോമ്പു പിടിക്കുക, ഇതാണ് സത്യത്തിൻെറ പ്രായശ്ചിത്തം (الكفارة) നബി (ﷺ) അരുളിച്ചെയ്തതായി അബൂഹുറൈറഃ ഇങ്ങിനെ നിവേദനം ചെയ്തിരിക്കുന്നു: ''ഒരാൾ ഒരു കാര്യം സത്യം ചെയ്തിട്ട് അതിനെക്കാൾ ഉത്തമം മറ്റൊന്നാണെന്നുകണ്ടാൽ, അവൻ തൻെറ സത്യത്തിനു പ്രായശ്ചിത്തം നല്കുകയും, ഉത്തമമായത് ഏതോ അത് ചെയ്യുകയും ചെയ്തുകൊള്ളട്ടെ''. (മു.) ഏതെങ്കിലും നല്ല കാര്യത്തിന് തടസ്സമായേക്കുന്നതോ, നന്നല്ലാത്ത കാര്യത്തിന് കാരണമായേക്കുന്നതോ ആയ വല്ല ശപഥവും ചെയ്തുപോയാൽ അതിനു പ്രായശ്ചിത്തം നൽകികൊണ്ട് അതിൽ നിന്നു മടങ്ങേണ്ടതാണ് എന്നു സാരം.

وَإِذْ أَسَرَّ ٱلنَّبِىُّ إِلَىٰ بَعْضِ أَزْوَٰجِهِۦ حَدِيثًا فَلَمَّا نَبَّأَتْ بِهِۦ وَأَظْهَرَهُ ٱللَّهُ عَلَيْهِ عَرَّفَ بَعْضَهُۥ وَأَعْرَضَ عَنۢ بَعْضٍ ۖ فَلَمَّا نَبَّأَهَا بِهِۦ قَالَتْ مَنْ أَنۢبَأَكَ هَٰذَا ۖ قَالَ نَبَّأَنِىَ ٱلْعَلِيمُ ٱلْخَبِيرُ ﴿٣﴾

3 തൻെറ ഭാര്യമാരിൽ ചിലരോട് നബി ഒരു വർത്തമാനം രഹസ്യമായിപ്പറഞ്ഞ സന്ദർഭം: എന്നിട്ട് അവൾ അതിനെക്കുറിച്ചു (മറ്റൊരാളോട്) വിവരമറിയിക്കുകയും, അല്ലാഹു അദ്ദേഹത്തിന് [നബിക്ക്] അതിനെപ്പറ്റി വെളിവാക്കിക്കൊടുക്കുകയും ചെയ്തപ്പോൾ, അതിൻെറ ചിലഭാഗം അദ്ദേഹം അറിയിച്ചു കൊടുക്കുകയും, ചിലഭാഗം വിട്ടുകളയുകയും ചെയ്തു. അങ്ങനെ, അദ്ദേഹം അവൾക്ക് അതിനെക്കുറിച്ചു വിവരമറിയിച്ചപ്പോൾ, അവൾ പറഞ്ഞു: ''ഇത് ആരാണ് അ

ങ്ങേക്ക് വിവരമറിയിച്ചുതന്നത്?!'' അദ്ദേഹം പറഞ്ഞു: ''എനിക്ക് സൂക്ഷ്മമമായി അറിയുന്ന സർവ്വജ്ഞൻ വിവരമറിയിച്ചിരിക്കുന്നു.''

---

3 وإِذْ أسر രഹസ്യം (സ്വകാര്യം) പറഞ്ഞ സന്ദർഭം. النبي നബി, പ്രവാചകൻ. إلى بعض ചിലരിലേക്ക്. أزواجه തൻെറ ഭര്യമാരിലെ. حديثًا ഒരു വർത്തമാനം. فلما نبأت എന്നിട്ടവൾ വിവരമറിയിച്ചപ്പോൾ. به അതിനെക്കുറിച്ച്. وأظهره അദ്ദേഹത്തെ വെളിവാക്കി (അദ്ദേഹത്തിന് വ്യക്തമാക്കി) ക്കൊടുക്കുകയും. الله അല്ലാഹു. عليه അതിനെപ്പറ്റി. عرف അദ്ദേഹം അറിയിച്ചു, മനസ്സിലാക്കി. بعضه അതിൽ ചിലത്. وأعرض തിരിഞ്ഞു (വിട്ടു) കളയുകയും ചെയ്തു. عن بعض ചിലതിനെ, ചിലതിൽ നിന്ന്. فلما نبأها അങ്ങനെ അദ്ദേഹം അവൾക്ക് വിവരമറിയിച്ചപ്പോൾ. به അതിനെപ്പറ്റി. قالت അവൾ പറഞ്ഞു. من أنبأك അങ്ങേക്ക് (തനിക്ക്) ആർ അറിയിച്ചുതന്നു. هذا ഇത്. قالَ അദ്ദേഹം പറഞ്ഞു. نبأني എനിക്ക് വിവരമറിയിച്ചു. العليم സർവജ്ഞൻ. الخبير സൂക്ഷമമമായറിയുന്നവനായ.

സൈനബ (رضي الله عنها) യുടെ വീട്ടിൽനിന്നു തേൻകുടിച്ചതും, മേലിൽ കുടിക്കുകയില്ലെന്നു സത്യം ചെയ്തതും തിരുമേനി ഹഫ്‌സ്വ (رضي الله عنها)യോടു പറഞ്ഞപ്പോൾ ഇത് ആരെയും അറിയിക്കരുതെന്നു കൂടി പറഞ്ഞിട്ടുണ്ടായിരുന്നുവല്ലോ. പക്ഷേ, ഹഫ്‌സ്വ (رضي الله عنها) ആ വിവരം ആയിശ (رضي الله عنها)യോടു പറഞ്ഞു. ഈ വിവരം വഹ്‌യു മുഖേന അല്ലാഹു നബി (صلى الله عليه وسلم)ക്ക് വിവരം കൊടുത്തു. തിരുമേനി തൻെറ സ്വകാര്യം പുറത്തായ വിവരം ഹഫ്‌സ്വ (رضي الله عنها)യെ അറിയിച്ചു എങ്കിലും, ചിലഭാഗം മാത്രമേ തിരുമേനി പ്രസ്താവിച്ചിട്ടുള്ളു. കാരണം, മുഴുവൻ ഭാഗം അറിഞ്ഞതായി പ്രസ്താവിച്ചാൽ അത് അവർക്കു അപമാനമായിരിക്കുമല്ലോ തങ്ങൾ തമ്മിൽ നടന്ന ഈ രഹസ്യം എങ്ങിനെയാണ് തിരുമേനി അറിഞ്ഞത് ? ആയിശാ (رضي الله عنها) നബി (صلى الله عليه وسلم) യോടു പറഞ്ഞിരിക്കുമോ? എന്നൊന്നും അറിയാതെ അവർക്കു പരിഭ്രമമായി. ആരാണ് അങ്ങേക്ക് ഈ വിവരം അറിയിച്ചുതന്നത് എന്നവർ തിരുമേനിയോടു ചോദിച്ചു. എല്ലാം അറിയുന്ന അല്ലാഹുവാണ് അറിയിച്ചുതന്നതെന്ന് അവിടുന്ന് ഉത്തരം പറഞ്ഞു. ഇതാണ് ഈ വചനത്തിൻെറ താൽപര്യം. നബി (صلى الله عليه وسلم)ക്കെതിരായി നടന്ന ഈ ഗൂഢപ്രവർത്തനത്തിൽ പങ്കെടുത്ത രണ്ടു പേരുടെയും പേര് വ്യക്തമാക്കാതെ, രണ്ടു പേരെയും അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

إِن تَتُوبَآ إِلَى ٱللَّهِ فَقَدْ صَغَتْ قُلُوبُكُمَا ۖ وَإِن تَظَٰهَرَا عَلَيْهِ فَإِنَّ ٱللَّهَ هُوَ مَوْلَىٰهُ وَجِبْرِيلُ وَصَٰلِحُ ٱلْمُؤْمِنِينَ ۖ وَٱلْمَلَٰٓئِكَةُ بَعْدَ ذَٰلِكَ ظَهِيرٌ ﴿٤﴾

4 നിങ്ങൾ രണ്ടുപേരും അല്ലാഹുവിങ്കലേക്കു പശ്ചാത്തപിക്കുന്നപക്ഷം (അതാവശ്യം തന്നെ); (കാരണം) നിങ്ങളുടെ ഹൃദയങ്ങൾ ചെരിഞ്ഞു പോയിട്ടുണ്ട്. നിങ്ങൾ രണ്ടുപേരും അദ്ദേഹത്തിനെതിരെ പരസ്പരം പിൻതുണ നൽകുകയാണെങ്കിലോ, എന്നാൽ, (അറിഞ്ഞേക്കുക:) അല്ലാഹുവത്രെ അദ്ദേഹത്തിൻെറ 'മൗലാ'[സഹായി]. ജിബ്‌രീലും, സത്യവിശ്വാസികളിലെ സദ്‌വൃത്തരും (സഹായികളാകുന്നു). അതിനുപുറമെ, മലക്കുകളും പിൻതുണ നൽകുന്നവരാണ്.

4 **إن تتوبا** നിങ്ങൾ രണ്ടാളും പശ്ചാത്തിപിക്കുന്നപക്ഷം, ഖേദിച്ചു മടങ്ങിയാൽ. **إلى الله** അല്ലാഹുവിങ്കലേക്ക്. **فقد صغت** എന്നാൽ തെറ്റി (വഴുതി-ചെരിഞ്ഞു) പോയിട്ടുണ്ട്. **قلوبكما** നിങ്ങളുടെ ഹൃദയങ്ങൾ. **وإن تظاهرا** നിങ്ങൾ രണ്ടാളും പിൻതുണ (സഹായം) നൽകിയാലോ. **عليه** അദ്ദേഹത്തിൻെറമേൽ (എതിരായി). **فإن الله** എന്നാൽ നിശ്ചയമായും അല്ലാഹു. **هو مولاه** അവനത്രെ അദ്ദേഹത്തിൻെറ മൗലാ. **وجبريلُ** ജിബ്രീലും. **وصالح المؤمنين** സത്യവിശ്വാസികളിൽ നല്ല (സദ്‌വൃത്തരായ) വരും. **والملائكةُ** മലക്കുകളും. **بعد ذلك** അതിനുപുറകെ, അതിൻെറ പുറമെ. **ظهير** പിൻതുണക്കാരാണ്, സഹായം നൽകുന്നവരാണ്.

ഏതെങ്കിലും വിധേനയുള്ള അടുത്ത ബന്ധു എന്നാണ് مولى (മൗലാ) എന്ന വാക്കിൻെറ സാക്ഷാൽ അർത്ഥം. അടുപ്പത്തിൻെറ സ്വഭാവമനുസരിച്ചു പല അർത്ഥത്തിലും അത് ഉപയോഗിക്കപ്പെടും. (സൂ: അഹ്സാബ്, 5-ാം വചനത്തിൻെറ വ്യാഖ്യാനത്തിൽ ഇതിനെപ്പറ്റി വിവരിച്ചത് ഓർക്കുക.) 'ഖാമൂസി'ൽ ഇരുപതിൽപരം അർത്ഥങ്ങൾ ഈ വാക്കിന് നൽകിക്കാണാം. 'യജമാനൻ, അടിമ, ഉറ്റവൻ, ചങ്ങാതി, അതിഥി, രക്ഷാധികാരി, സഹായി, ബന്ധു'' മുതലായവ അതിൽ പെടുന്നു. അപ്പോൾ, ആരെക്കുറിച്ചാണോ 'മൗലാ' എന്ന് പറയുന്നതെങ്കിൽ ആ ആളുമായുള്ള ബന്ധത്തിൻെറ സ്വഭാവം അനുസരിച്ച് അതിന് അർത്ഥം നൽകാം.

നബി (ﷺ) ക്കെതിരായ ആ സംരംഭത്തിൽ പരസ്പരം സഹായിച്ച രണ്ടു പത്നിമാർ ആരാണെന്ന് ഉമർ (رضي الله عنه) നോട് ചോദിച്ചറിയുവാൻ തനിക്ക് ആഗ്രഹമുണ്ടായിരുന്നിട്ടും അദ്ദേഹത്തോടുള്ള ബഹുമാനം നിമിത്തം, കുറേകാലത്തോളം അതിനു ധൈര്യപ്പെട്ടില്ലെന്നും, ഒരു ഹജ്ജുയാത്രയിൽ നിന്നുള്ള മടക്കത്തിൽ ലഭിച്ച ഒരു സന്ദർഭം താൻ അതിന് ഉപയോഗപ്പെടുത്തിയെന്നും, അത് ഹഫ്സ്വയും, ആയിശഃയും (رضي الله عنهما) ആയിരുന്നുവെന്ന് ഉമർ (رضي الله عنه) മറുപടി പറഞ്ഞു വെന്നും ഇബ്നു അബ്ബാസ് (رضي الله عنه) പ്രസ്താവിച്ചിരിക്കുന്നു. (ബു; മു.)

5 عَسَىٰ رَبُّهُۥٓ إِن طَلَّقَكُنَّ أَن يُبْدِلَهُۥٓ أَزْوَٰجًا خَيْرًا مِّنكُنَّ مُسْلِمَـٰتٍ مُّؤْمِنَـٰتٍ قَـٰنِتَـٰتٍ تَـٰٓئِبَـٰتٍ عَـٰبِدَٰتٍ سَـٰٓئِحَـٰتٍ ثَيِّبَـٰتٍ وَأَبْكَارًا ﴿٥﴾

(നബിയുടെ പത്നിമാരേ)നിങ്ങളെ അദ്ദേഹം വിവാഹമോചനംചെയ്യുന്നപക്ഷം നിങ്ങളെക്കാൾ ഉത്തമരായ ഭാര്യമാരെ അദ്ദേഹത്തിന് അദ്ദേഹത്തിൻെറ റബ്ബ് പകരം നൽകിയേക്കാം. അതായത്, മുസ്ലിംകളായ, സത്യവിശ്വാസിനികളായ, ഭക്തി കാണിക്കുന്നവരായ, പശ്ചാത്തപിക്കുന്നവരായ, ആരാധനക്കാരികളായ, വ്രതം ആചരിക്കുന്നവരായ, വിധവകളും കന്യകകളുമായ സ്ത്രീകളെ.

---

5 **عسى ربه** അദ്ദേഹത്തിൻെറ റബ്ബ് ആയേക്കാം. **إن طلقكن** നിങ്ങളെ അദ്ദേഹം തലാഖ് (വിവാഹമോചനം) ചെയ്തെങ്കിൽ. **أن يبدله** അദ്ദേഹത്തിന് പകരം നൽകുക (ആയേക്കാം). **أزواجا** ഭാര്യമാരെ. **خيرا منكن** നിങ്ങളെക്കാൾ ഉത്തമരായ. **مسلمات** മുസ്ലിം സ്ത്രീകളെ. **مؤمنات** സത്യവിശ്വാസിനികളായ. **قانتات** ഭക്തകളായ. **تائبات** പശ്ചാത്തപിക്കുന്നവരായ. **عابدات** ആരാധന ചെയ്യുന്നവരായ. **سائحات** വ്രതമനുഷ്ഠിക്കുന്നവരായ, സഞ്ചാരം ചെയ്യുന്ന. **ثيبات** വിധവകളായ. **وأبكارا** കന്യകകളുമായ.

سائحات എന്ന വാക്കിനാണ് വ്രതം ആചരിക്കുന്നവര്‍-അഥവാ നോമ്പുകാര്‍-എന്ന് അര്‍ത്ഥം കല്‍പിച്ചത്. സഹാബികളും, താബിഉകളുമായ പല മഹാന്‍മാരും ആ അര്‍ത്ഥമാണ് അതിന് കല്‍പിച്ചിരിക്കുന്നത്. സഞ്ചാരം ചെയ്യുന്നവര്‍-അഥവാ മതസംബന്ധമായ ആവശ്യാര്‍ത്ഥം ഹിജ്റ പോകുവാന്‍ തയ്യാറുള്ളവര്‍-എന്നും ചിലര്‍ അതിന് അര്‍ത്ഥം കല്‍പിക്കാറുണ്ട്. الله اعلم നിലവിലുള്ള ഭാര്യമാരെ മുഴുവനും വിവാഹമോചനം നല്‍കി വിടേണ്ടി വന്നാലും നബി (ﷺ) ക്ക് അതുകൊണ്ട് ഒരു ദോഷവും സംഭവിക്കുവാനില്ലെന്നും, അവരെക്കാള്‍ ഏതു നിലക്കും നല്ല വരായ സ്ത്രീകളെ അവിടുത്തേക്ക് അല്ലാഹു പകരം നല്‍കിയേക്കുമെന്നുമാണ് ആയത്തിന്‍െറ സാരം.

മേല്‍ കഴിഞ്ഞ തിരുവചനങ്ങളില്‍ നിന്ന് നമുക്ക് പലതും മനസ്സിലാക്കാവുന്നതാണ്. ഉദാഹരണമായി: (1) നബി (ﷺ) യുടെ സ്ഥാനപദവികള്‍ക്ക് അനുയോജ്യമല്ലാത്ത വല്ല നിസ്സാര കാര്യം പോലും തിരുമേനിയില്‍നിന്ന് ഉണ്ടായേക്കുന്നപക്ഷം അല്ലാഹു ഉടനെ അത് തിരുത്തി ക്കൊടുക്കുന്നതാണ്. (2) അല്ലാഹു ഹലാലാക്കിയ-അനുവദനീയമാക്കിയ വസ്തുക്കളെ ഉപയോഗിക്കുകയില്ലെന്ന് ആരും ദൃഢനിശ്ചയം ചെയ്തുകൂടാത്തതാണ്. (3) നന്നല്ലാത്ത വിഷ യങ്ങളില്‍ സത്യം ചെയ്യരുത്. (4) അങ്ങിനെ സത്യം ചെയ്തുപോയാല്‍ അതിനു പ്രായശ്ചിത്തം (‘കഫ്-ഫാറത്തു’) നല്‍കി അതില്‍നിന്ന് വിരമിക്കേണ്ടതാണ്. (5) സ്ത്രീകള്‍ എത്ര ഉന്നത പദവി യുള്ളവരായാലും അവരുടേതായ ചില സ്വഭാവങ്ങള്‍ അവരില്‍നിന്ന് പ്രകടമായേക്കുക സ്വാഭാ വികമാണ്. (6) ഒരാളോട് ഒരാള്‍ ഒരു രഹസ്യവിവരം പറഞ്ഞാല്‍ അത് മറ്റൊരാളെ അറിയിച്ചു കൂട. (7) നബി (ﷺ) തിരുമേനിയുടെ സ്ഥാനപദവി അല്ലാഹുവിങ്കല്‍ ഉന്നതമായിട്ടുള്ളതാണ്. (8) അല്ലാഹുവിന്‍െറയും, റസൂലിന്‍െറയും കല്‍പനക്കോ, തൃപ്തിക്കോ എതിരായി പ്രവര്‍ത്തി ക്കുന്നത് ആര്‍തന്നെ ആയാലും അല്ലാഹു അത് ഒട്ടും ഇഷ്ടപ്പെടുന്നതല്ല. (9) ഭാര്യമാരുടെയോ മറ്റോ ഇഷ്ടത്തെ മുന്‍നിറുത്തി നന്നല്ലാത്ത കാര്യങ്ങളില്‍ പ്രവേശിക്കരുത്. അങ്ങിനെ പലതും. ഇതുവരെ പ്രസ്താവിച്ചുവന്നത് നബി (ﷺ) തിരുമേനിക്കും അവിടുത്തെ പത്നിമാര്‍ക്കുമിടയില്‍ നടന്ന ചില ഗാര്‍ഹിക കാര്യങ്ങളെക്കുറിച്ചായിരുന്നുവല്ലോ. അടുത്ത വചനത്തില്‍, ഗൃഹനായകന്‍മാര്‍ക്ക് തങ്ങളുടെ കുടുംബത്തിന്‍െറ വിഷയത്തിലുള്ള ഉത്തരവാദിത്തം അല്ലാ ഹു ഓര്‍മ്മപ്പെടുത്തുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ قُوٓا۟ أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا ٱلنَّاسُ وَٱلْحِجَارَةُ عَلَيْهَا مَلَـٰٓئِكَةٌ غِلَاظٌ شِدَادٌ لَّا يَعْصُونَ ٱللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ ﴿٦﴾

6 ഹേ, വിശ്വസിച്ചവരേ, നിങ്ങള്‍ നിങ്ങളുടെ ദേഹങ്ങളെയും, നിങ്ങളുടെ കുടുംബങ്ങളെയും ഒരു (വമ്പിച്ച) അഗ്നിയില്‍നിന്നു കാത്തു കൊള്ളുവിന്‍! അതില്‍ കത്തിക്കപ്പെടുന്നത് [വിറക്] മനുഷ്യരും, കല്ലുമാകുന്നു. അതിന്‍െറ മേല്‍(നോട്ടത്തിന്) പരുഷ സ്വഭാവക്കാരും കഠിനന്‍മാരുമായ മലക്കുകളുണ്ടായിരിക്കും. അവരോടു കല്‍പിച്ചതില്‍ അവര്‍ അല്ലാഹുവിനോട് അനുസരണക്കേട് കാട്ടുകയില്ല; അവരോട് കല്‍പിക്കപ്പെടുന്നത് (ഏതും) അവര്‍ ചെയ്യുകയും ചെയ്യും.

يَـٰٓأَيُّهَا ٱلَّذِينَ كَفَرُوا۟ لَا تَعْتَذِرُوا۟ ٱلْيَوْمَ ۖ إِنَّمَا تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿٧﴾

7 (പറയപ്പെടും:) ‘‘ഹേ, അവിശ്വസിച്ചവരേ, ഇന്നു നിങ്ങള്‍ ഒഴികഴിവു പറയേണ്ട നിങ്ങള്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതിനു മാത്രമേ നിങ്ങള്‍ക്ക് പ്രതിഫലം നല്‍കപ്പെടുന്നുള്ളു.’’

6 يَا أَيُّهَا الَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ. قُوا നിങ്ങൾ കാത്തു (സൂക്ഷിച്ചു) കൊള്ളുവിൻ. أَنفُسَكُمْ നിങ്ങളുടെ ദേഹങ്ങളെ, നിങ്ങളെത്തന്നെ. وَأَهْلِيكُمْ നിങ്ങളുടെ കുടുംബങ്ങളെ (വീട്ടുകാരെ)യും. نَارًا ഒരു അഗ്നി (തീ)യെ. وَقُودُهَا അതിലെവിറക്. النَّاسُ മനുഷ്യരാണ്. وَالْحِجَارَةُ കല്ലും. عَلَيْهَا അതിൻമേലുണ്ട്. مَلَائِكَةٌ ചില മലക്കുകൾ. غِلَاظٌ പരുഷ (കടുത്ത) സ്വഭാവികളായ. شِدَادٌ കഠിനരായ, ഊക്കൻമാരായ. لَا يَعْصُونَ اللَّهَ അല്ലാഹുവിനോട് അവർ അനുസരണക്കേട് കാട്ടുന്നതല്ല. مَا أَمَرَهُمْ അവരോട് കൽപിച്ചതിന് (കൽപിച്ചതിൽ). وَيَفْعَلُونَ അവർ ചെയ്കയും ചെയ്യും. مَا يُؤْمَرُونَ അവരോട് കല്പിക്കപ്പെടുന്നത്. 7 يَا أَيُّهَا الَّذِينَ كَفَرُوا ഹേ അവിശ്വസിച്ചവരേ. لَا تَعْتَذِرُوا നിങ്ങൾ ഒഴികഴിവു പറയേണ്ടാ. الْيَوْمَ ഇന്ന്, ഈ ദിവസം. إِنَّمَا تُجْزَوْنَ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നുള്ളു. مَا كُنتُمْ നിങ്ങൾ ആയിരുന്നതിന് (മാത്രം). تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കും.

ഈ ലോകത്തുള്ള അഗ്നിയെക്കാൾ എഴുപതു ഇരട്ടി ഉഷ്ണമേറിയതാണ് നരകാഗ്നി എന്ന് നബി (ﷺ) അരുളിച്ചെയ്തതായി ഹദീസിൽ വന്നിരിക്കുന്നു. (ബു;മു.) അതിൽ വിറകായി ഉപയോഗിക്കപ്പെടുക മനുഷ്യരും കല്ലുകളുമാണ് എന്ന് അല്ലാഹു പറഞ്ഞുവല്ലോ. ഈ മനുഷ്യർ മഹാപാപികളായുള്ളവരായിരിക്കുമെന്ന് പറയേണ്ടതില്ല. എന്നാൽ കല്ലുകൾ ഏതുതരം കല്ലുകളായിരിക്കും? അല്ലാഹുവിനറിയാം. കൽകരിയാണ് ഇതുകൊണ്ട് ഉദ്ദേശ്യമെന്നും, കൽകരിയെപ്പറ്റി അറിയപ്പെടാതിരുന്ന ഒരു കാലത്തുതന്നെ ഖുർആൻ അതിനെപ്പറ്റി പ്രസ്താവിച്ചത് അതിൻെറ അമാനുഷികതക്ക് ഒരു ദൃഷ്ടാന്തമാണെന്നും ആധുനികരായ ചില ആളുകൾ എഴുതിക്കാണുന്നു. നരകാഗ്നിയും, നമുക്ക് പരിചയപ്പെട്ട ഇവിടത്തെ അഗ്നിയും ഒരുപോലെയാണെന്ന നിഗമനത്തിൽനിന്നും, കൽകരിയെക്കാൾ കടുപ്പമേറിയതും നമുക്ക് അറിയാത്തതുമായ മറ്റേതെങ്കിലും കല്ലുകളാൽ കത്തിക്കപ്പെടാവുന്ന ഏറ്റവും ശക്തിയേറിയ ഒരഗ്നിയെക്കുറിച്ചു വിഭാവനം ചെയ്‌വാൻ കഴിയാത്തതിൽനിന്നും ഉടലെടുക്കുന്നതാണ് ഈ പ്രസ്താവന എന്നു പറയേണ്ടിയിരിക്കുന്നു. പതിമൂന്നു നൂറ്റാണ്ടു കാലത്തോളം ഒരാൾക്കും ഉദ്ദേശം മനസ്സിലാക്കുവാൻ സാധിക്കാത്ത ഒരു വാക്ക് (الْحِجَارَة) ഖുർആനിൽ ഉണ്ടായിരുന്നു, കൽക്കരി കണ്ടുപിടിച്ചതിനു ശേഷം മാത്രമാണ് അതിൻെറ അർത്ഥം മനസ്സിലായത്, അതും ഇവർക്കു മാത്രമേ മനസ്സിലായുള്ളു, എന്നൊക്കെയാണല്ലോ ഇതിൻെറ പിന്നിലുള്ളത്. ഇത് വാസ്തവത്തിൽ, നരകാഗ്നിയെ-അല്ല, ഖുർആനെത്തന്നെയും-കുറച്ചു കാണിക്കലായിരിക്കും.

കല്ലുകൊണ്ട് വിഗ്രഹമുണ്ടാക്കി ആരാധിച്ചിരുന്നവരെ വഷളാക്കുവാനായി ആ കല്ലുകളും അവരോടാപ്പം നരകത്തിലിട്ടു കത്തിക്കപ്പെടുമെന്നും, അതാണ് ഇവിടെ കല്ലുകൊണ്ട് ഉദ്ദേശ്യമെന്നും ചില വ്യാഖ്യാതാക്കൾ പറഞ്ഞുകാണാം. വളരെ ദുർഗന്ധം വമിക്കുന്നതും, ശക്തിയായി ആളിക്കത്തുന്നതുമായ ഒരുതരം ഗന്ധകക്കല്ലുകളായിരിക്കും അതെന്ന് മുൻഗാമികളായ ചില മഹാൻമാരും പ്രസ്താവിച്ചു കാണുന്നു. ഈ പ്രസ്താവനകൾ ശരിയാണോ അല്ലേ എന്നു നമുക്ക് ഉറപ്പിച്ചു പറയുവാൻ തെളിവില്ല. എങ്കിലും ഈ പ്രസ്താവനകൾക്ക് പല നിലക്കും-‘കൽക്കരി’യെക്കാൾ-ന്യായീകരണം കാണാവുന്നതാണ്. الله اعلم ഏതായാലും, നാം വിഭാവനം ചെയ്യുന്നതിനെക്കാളെല്ലാം ശക്തിയേറിയതാണ് നരകത്തിലെ തീ എന്ന് ശരിക്കു വ്യക്തമാകുന്നു. അല്ലാഹു നമ്മെ കാക്കട്ടെ. ആമീൻ.

നരകാഗ്നിയുടെ കാഠിന്യത്തെക്കുറിച്ചു പറഞ്ഞശേഷം, അതിൻെറ നോട്ടക്കാരും കൈകാര്യക്കാരുമായ മലക്കുകളുടെ സ്വഭാവമാണ് ചൂണ്ടിക്കാട്ടുന്നത്. ഒട്ടും ദയ തോന്നാത്തവരും, അതിശക്തൻമാരും, അല്ലാഹുവിൻെറ ഏതു കൽപനയും അപ്പടി അനുസരിക്കുന്നവരുമായ മലക്കുകളാണവർ. ശിക്ഷയുടെ ഭയങ്കരതയും കഠോരതയും സഹിക്കവയ്യാതെ നരകസ്ഥരായ ആളുകൾ സമർപ്പിക്കുന്ന ഒഴികഴിവുകളോ, അപേക്ഷകളോ അവിടെ ഗൗനിക്കപ്പെടുന്നതുമല്ല. ഇങ്ങിനെയുള്ള നരകശിക്ഷയിൽ അകപ്പെടാൻ കാരണമാകാതെ ഓരോ സത്യവിശ്വാസിയും

താന്താങ്ങളെയും, താന്താങ്ങളുടെ ഭാര്യ, മക്കൾ മുതലായ കുടുംബാംഗങ്ങളെയും കാത്തു കൊള്ളണം. ഓരോരുത്തനും തൻെറ കാര്യം മാത്രം നോക്കിയാൽ പോര, കുടുംബത്തിൻെറ കാര്യംകൂടി നോക്കേണ്ടുന്ന കടമയുണ്ട് എന്നെല്ലാമാണ് അല്ലാഹു അറിയിക്കുന്നത്.

അത്യാവശ്യമായ അറിവുകളെങ്കിലും പഠിപ്പിക്കുക, മതബോധവും സദാചാരബോധവും ഉണ്ടാക്കുക, സദുപദേശം നൽകുക, അല്ലാഹുവിൻെറ വിധിവിലക്കുകൾ അനുസരിച്ചു ജീവിക്കുവാൻ നിർബ്ബന്ധം ചെലുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുക, തന്നിഷ്ടത്തിനൊത്തു ജീവിക്കുവാനും സൻമാർഗത്തിൽനിന്നു വ്യതിചലിക്കുവാനും അനുവദിക്കാതിരിക്കുക, ഇതൊക്കെയാണ് കുടുംബത്തെ നരകാഗ്നിയിൽനിന്നു രക്ഷിക്കുവാനുള്ള മാർഗ്ഗങ്ങൾ. ഒരാൾ തൻെറ കുടുംബാംഗങ്ങളെ അവരുടെ പാട്ടിനു വിട്ടേക്കുകയും, അവർക്കു വേണ്ടുന്ന ഉപദേശങ്ങളും ശിക്ഷണങ്ങളും നൽകാതിരിക്കുകയും ചെയ്യുന്നപക്ഷം-സ്വന്തം നിലക്ക് എത്ര ഭയഭക്തനും സൽക്കർമ്മിയും ആയിരുന്നാലും ശരി-അയാൾ അല്ലാഹുവിൻെറ അടുക്കൽ വമ്പിച്ച കുറ്റക്കാരൻ തന്നെയായിരിക്കും. അല്ലാഹു നമുക്ക് തൗഫീഖു നൽകട്ടെ.

വിഭാഗം-2

8 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് ആത്മാർത്ഥമായ പശ്ചാത്താപം പശ്ചാത്തപിക്കുവിൻ. (എന്നാൽ) നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് നിങ്ങളുടെ തിൻമകളെ മൂടിവെച്ചു (മാപ്പാക്കി) തരുകയും, താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗ്ഗങ്ങളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം; (അതെ) നബിയെയും, അദ്ധേഹത്തോടൊപ്പം വിശ്വസിച്ചവരെയും അല്ലാഹു അപമാനത്തിലാക്കാത്ത ദിവസം. തങ്ങളുടെ പ്രകാശം അവരുടെ മുമ്പിലൂടെയും, അവരുടെ വലഭാഗങ്ങളിലൂടെയും പാഞ്ഞു (വ്യാപിച്ചു) കൊണ്ടിരിക്കും. അവർ പറയും: ''ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് ഞങ്ങളുടെ പ്രകാശം പൂർത്തീകരിച്ചു തരേണമേ! ഞങ്ങൾക്ക് പൊറുത്തുതരുകയും വേണമേ! നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.''

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ تُوبُوٓا۟ إِلَى ٱللَّهِ تَوْبَةً نَّصُوحًا عَسَىٰ رَبُّكُمْ أَن يُكَفِّرَ عَنكُمْ سَيِّـَٔاتِكُمْ وَيُدْخِلَكُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ يَوْمَ لَا يُخْزِى ٱللَّهُ ٱلنَّبِىَّ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ ۖ نُورُهُمْ يَسْعَىٰ بَيْنَ أَيْدِيهِمْ وَبِأَيْمَـٰنِهِمْ يَقُولُونَ رَبَّنَآ أَتْمِمْ لَنَا نُورَنَا وَٱغْفِرْ لَنَآ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٨﴾

---

8 **يا أيها الذين آمنوا** ഹേ വിശ്വസിച്ചവരേ. **توبوا** പശ്ചാത്തപിക്കു (മടങ്ങു-ഖേദിക്കു)വിൻ. **إلى الله** അല്ലാഹുവിങ്കലേക്ക്. **توبةً** ഒരു പശ്ചാത്താപം, മടക്കം. **نصوحا** നിഷ്കളങ്കമായ, ആത്മാർത്ഥമായ. **عسى ربكم** നിങ്ങളുടെ റബ്ബ് ആയേക്കാം. **أن يكفر** മൂടിവെക്കുക (മാപ്പാക്കുക). **عنكم** നിങ്ങളിൽനിന്ന്. **سيئاتكم** നിങ്ങളുടെ തിൻമകളെ. **ويدخلكم** നിങ്ങളെ പ്രവേശിപ്പിക്കുകയും. **جنات** സ്വർഗങ്ങളിൽ, തോപ്പുകളിൽ. **تجري من تحتها** അതിൻെറ അടിഭാഗത്തൂടെ ഒഴുകുന്ന. **الأنهار** അരുവി (നദി)കൾ. **يوم** ദിവസം. **لا يخزي الله** അല്ലാഹു അപമാനിക്കാത്ത, വഷളാക്കാത്ത. **النبي** നബിയെ, പ്രവാചകനെ. **والذين آمنوا** വിശ്വസിച്ചവരെയും. **معه** അദ്ദേഹത്തോടൊപ്പം. **نورهم** അവരുടെ പ്രകാശം. **يسعى** പാഞ്ഞു (നടന്നു-വ്യാപിച്ചു)കൊണ്ടിരിക്കും. **بين أيديهم** അവരുടെ മുമ്പിലൂടെ.

وبأيمانهم അവരുടെ വലഭാഗങ്ങളിലും. **يقُولُونَ** അവർ പറയും. **ربنا** ഞങ്ങളുടെ റബ്ബേ, രക്ഷിതാവേ. **أتمم لنا** ഞങ്ങൾക്ക് പൂർത്തീകരിക്കേണമേ. **نورنا** ഞങ്ങളുടെ പ്രകാശം. **واغْفر لنا** ഞങ്ങൾക്ക് പൊറുക്കുകയും വേണമേ. **إنك** നിശ്ചയമായും നീ. **على كُل شيءٍ** എല്ലാ കാര്യത്തിനും. **قَدير** കഴിവുള്ളവനാണ്.

توبة نصوحا (ആത്മാർത്ഥമായ പശ്ചാത്താപം) എന്നതിൻെറ ഉദ്ദേശ്യം കുറ്റത്തിൽനിന്നു മനപൂർവ്വം ഖേദിച്ചു മടങ്ങുക എന്നുതന്നെ. ചെയ്തുകഴിഞ്ഞ കുറ്റത്തെപ്പറ്റി ഖേദം, മേലാൽ ചെയ്കയില്ലെന്ന ദൃഢനിശ്ചയം, നിർവ്വഹിക്കുവാൻ ബാക്കിയുള്ള കടമ നിറവേറ്റൽ, അന്യനെ സംബന്ധിക്കുന്ന കുറ്റമാണെങ്കിൽ അവനോട് മാപ്പു വാങ്ങുകയും അവൻെറ കടപ്പാട് തീർക്കുകയും ചെയ്യൽ, മേലിൽ നല്ല നില കൈക്കൊള്ളൽ ഇതെല്ലാമാണ് അതിനുള്ള ഉപാധികൾ. ഇങ്ങിനെയുള്ള 'തൌബഃ' (പശ്ചാത്താപം) ചെയ്യുന്നവർക്ക് അവരുടെ പാപങ്ങൾ പൊറുക്കപ്പെടുമെന്നു മാത്രമല്ല, അവർക്ക് വമ്പിച്ച പ്രതിഫലം ലഭിക്കുന്നതുമാണ് എന്നുകൂടി അല്ലാഹു അറിയിക്കുന്നു (സൂ: ഫുർഖാൻ 70ഉം നോക്കുക.) സത്യവിശ്വാസികളുടെ പ്രകാശത്തെക്കുറിച്ച് സൂ: ഹദീദ് 12ൽ പ്രസ്താവിച്ച സംഗതികൾ ഇവിടെയും ഓർക്കുക. കപടവിശ്വാസികൾ തങ്ങൾക്കു വെളിച്ചം കിട്ടാതെ കഷ്ടപ്പെടുമ്പോഴാണ് സത്യവിശ്വാസികൾ അല്ലാഹുവിനോട് തങ്ങളുടെ പ്രകാശം പൂർത്തിയാക്കിക്കൊടുക്കുവാൻ പ്രാർത്ഥിക്കുന്നത് എന്നു മുജാഹിദ്, ള്വഹ്-ഹാക്ക് മുതലായവരിൽനിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

9 ഹേ, നബിയേ, അവിശ്വാസികളോടും, കപടവിശ്വാസികളോടും സമരം ചെയ്യുക; അവരോട് പരുഷമായി പെരുമാറുകയും ചെയ്യുക. അവരുടെ സങ്കേതം 'ജഹന്നം' [നരകം] ആകുന്നു. (ആ) തിരിച്ചെത്തുന്ന സ്ഥലം എത്രയോ ചീത്ത!

يَٰٓأَيُّهَا ٱلنَّبِيُّ جَٰهِدِ ٱلْكُفَّارَ وَٱلْمُنَٰفِقِينَ وَٱغْلُظْ عَلَيْهِمْ ۚ وَمَأْوَىٰهُمْ جَهَنَّمُ ۖ وَبِئْسَ ٱلْمَصِيرُ ﴿٩﴾

---

9 **يا أيها النبي** ഹേ നബിയെ. **جاهد** സമരം ചെയ്യുക. **الكُفار** അവിശ്വാസികളോട്. **والمنافقين** കപട വിശ്വാസികളോടും. **واغْلُظ** പരുഷതകാണിക്കുകയും ചെയ്യുക. **عليهم** അവരോട്. **ومأواهم** അവരുടെ സങ്കേതം, പ്രാപ്യസ്ഥാനം. **جهنم** ജഹന്നമാകുന്നു. **وبئْس** എത്രയോ (വളരെ) ചീത്ത. **المصير** തിരിച്ചെത്തുന്ന സ്ഥലം.

അവിശ്വാസികൾ പ്രത്യക്ഷത്തിൽതന്നെ ഇസ്‌ലാമിൻെറ ശത്രുക്കളാകകൊണ്ട് അവരോടുള്ള സമരം ന്യായങ്ങളും തെളിവുകളും മുഖേന മതിയാവുകയില്ല. ആയുധങ്ങളും സംഘട്ടനങ്ങളും ആവശ്യമായിരിക്കും. എന്നാൽ, കപടവിശ്വാസികൾ ബാഹ്യത്തിൽ മുസ്‌ലിംകളാകകൊണ്ട് അവരോടുള്ള സമരം നീതിന്യായങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലും, അവരിൽ ഇസ്‌ലാമിക ശിക്ഷാനിയമങ്ങൾ നടപ്പിൽ വരുത്തുന്നതു മുഖേനയും ആയിരിക്കും. രണ്ടുകൂട്ടരോടും സൗമ്യനയവും വിട്ടുവീഴ്ചയും കാണിക്കുന്നപക്ഷം, അവർ ആ തക്കം ഇസ്‌ലാമിന് എതിരായി ഉപയോഗപ്പെടുത്തുകയാണല്ലോ ചെയ്യുക.

10 അവിശ്വസിച്ചവർക്ക് അല്ലാഹു ഒരു ഉദാഹരണം എടുത്തു കാട്ടുകയാണ്, നൂഹിൻെറ ഭാര്യയെയും, ലൂത്ത്വിൻെറ ഭാര്യയെയും. രണ്ടു സ്ത്രീകളും നമ്മുടെ അടിയാൻമാരിൽപെട്ട രണ്ടു സദ്‌വൃത്ത

ضَرَبَ ٱللَّهُ مَثَلًا لِّلَّذِينَ كَفَرُوا۟ ٱمْرَأَتَ نُوحٍ وَٱمْرَأَتَ لُوطٍ ۖ كَانَتَا تَحْتَ عَبْدَيْنِ مِنْ عِبَادِنَا

صَٰلِحَيۡنِ فَخَانَتَاهُمَا فَلَمۡ يُغۡنِيَا عَنۡهُمَا مِنَ ٱللَّهِ شَيۡـٔٗا وَقِيلَ ٱدۡخُلَا ٱلنَّارَ مَعَ ٱلدَّٰخِلِينَ ﴿١٠﴾

രായ അടിയാൻമാരുടെ കീഴിലായിരുന്നു; എന്നിട്ട് രണ്ടുപേരും അവരെ വഞ്ചിച്ചു. എന്നാൽ , അവർക്ക് [ആ രണ്ടു സ്ത്രീകൾക്കും] അല്ലാഹുവിങ്കൽ നിന്ന് (ഉണ്ടാക്കുന്ന) യാതൊന്നും അവർ രണ്ടാളും ഒഴിവാക്കിക്കൊടുത്തില്ല. (അവരോട്) പറയപ്പെടുകയും ചെയ്തു: ''നരകത്തിൽ പ്രവേശിക്കുന്നവരോടൊപ്പം നിങ്ങൾ രണ്ടുപേരും (അതിൽ) പ്രവേശിച്ചു കൊള്ളുക'' എന്ന്!

وَضَرَبَ ٱللَّهُ مَثَلٗا لِّلَّذِينَ ءَامَنُواْ ٱمۡرَأَتَ فِرۡعَوۡنَ إِذۡ قَالَتۡ رَبِّ ٱبۡنِ لِي عِندَكَ بَيۡتٗا فِي ٱلۡجَنَّةِ وَنَجِّنِي مِن فِرۡعَوۡنَ وَعَمَلِهِۦ وَنَجِّنِي مِنَ ٱلۡقَوۡمِ ٱلظَّٰلِمِينَ ﴿١١﴾

11 വിശ്വസിച്ചവർക്കും അല്ലാഹു ഒരു ഉദാഹരണം എടുത്തുകാട്ടുന്നു, ഫിർഔന്റെ ഭാര്യയെ, അതായത്, അവൾ പറഞ്ഞ സന്ദർഭം: ''എന്റെ റബ്ബേ, എനിക്ക് നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു വീട് സ്ഥാപിച്ചു തരേണമേ! ഫിർഔനിൽനിന്നും, അവന്റെ പ്രവർത്തനത്തിൽ നിന്നും നീ എന്നെ രക്ഷിക്കുകയും ചെയ്യേണമേ! അക്രമികളായ ജനങ്ങളിൽ നിന്നും എന്നെ നീ രക്ഷിക്കുകയും ചെയ്യേണമേ!''

وَمَرۡيَمَ ٱبۡنَتَ عِمۡرَٰنَ ٱلَّتِيٓ أَحۡصَنَتۡ فَرۡجَهَا فَنَفَخۡنَا فِيهِ مِن رُّوحِنَا وَصَدَّقَتۡ بِكَلِمَٰتِ رَبِّهَا وَكُتُبِهِۦ وَكَانَتۡ مِنَ ٱلۡقَٰنِتِينَ ﴿١٢﴾

12 ഇംറാന്റെ മകൾ മർയമിനെയും (ഉദാഹരണമാക്കുന്നു); (അതായത്) തന്റെ ഗുഹ്യസ്ഥാനം സൂക്ഷി(ച്ച് ചാരിത്ര്യ ശുദ്ധി സംരക്ഷി)ക്കുകയും, അങ്ങിനെ, നമ്മുടെ (വക) ആത്മാവിൽ നിന്നും അതിൽ നാം ഊതുകയും ചെയ്തവൾ-തന്റെ റബ്ബിന്റെ വചനങ്ങളെയും, അവന്റെ വേദഗ്രന്ഥങ്ങളെയും അവൾ സത്യമാ(യി വിശ്വസി) ക്കുകയും ചെയ്തു. അവൾ ഭക്തരുടെ കൂട്ടത്തിൽ (പെട്ടവൾ) ആയിരുന്നുതാനും.

---

10 **ضرب اللهُ** അല്ലാഹു വിവരിച്ചു, ആക്കി, നിശ്ചയിച്ചു, (എടുത്തു കാട്ടുന്നു). **مثَلاً** ഒരു ഉദാഹരണം, ഉപമ. **للذين كَفَروا** അവിശ്വസിച്ചവർക്ക്. **امرأةَ نوحٍ** നൂഹിന്റെ സ്ത്രീയെ (ഭാര്യയെ). **وامرأةَ لُوط** ലൂത്ത്വിന്റെ സ്ത്രീ (ഭാര്യയെയും). **كانَتا** രണ്ടുപേരുമായിരുന്നു. **تحت عبدينِ** രണ്ട് അടിയാന്മാരുടെ കീഴിൽ. **من عبادنَا** നമ്മുടെ അടിയാൻമാരിൽപെട്ട. **صالحينِ** (രണ്ടു) സദ്‌വൃത്തരായ, നല്ലവരായ. **فَخانتاهما** എന്നിട്ട് രണ്ടുപേരും അവരെ രണ്ടാളെയും വഞ്ചിച്ചു, ചതിച്ചു. **فَلَم يغنِيا** എന്നിട്ട് രണ്ടാളും ധന്യമാക്കി (ഒഴിവാക്കി-പര്യാപ്തമാക്കി)യില്ല. **عنهما** അവർക്ക് രണ്ടാൾക്കും, അവരിൽനിന്നും. **من اللهِ** അല്ലാഹുവിൽ നിന്ന്. **شيئًا** യാതൊന്നും, ഒരു വസ്തുവും. **وقيلَ** പറയപ്പെടുകയും ചെയ്തു. **أدخلا النار** രണ്ടാളും നരകത്തിൽ പ്രവേശിക്കുക. **مع الداخلين** പ്രവേശിക്കുന്നവരോടൊപ്പം. 11 **وضرب اللهُ** അല്ലാഹു വിവരിക്കുക (എടുത്തുകാട്ടുക) യും ചെയ്യുന്നു. **مثَلاً** ഒരു ഉദാഹരണം. **للذين آمنوا** വിശ്വസിച്ചവർക്ക്. **امرأةَ فرعونَ** ഫിർഔന്റെ സ്ത്രീയെ, ഭാര്യയെ. **إذْ قَالَت** അവൾ പറഞ്ഞ സന്ദർഭം. **رب ابنِ لي** റബ്ബേ എനിക്ക് സ്ഥാപിച്ചു (നിർമ്മിച്ച്) തരണേ. **عندك بيتا** നിന്റെ അടുക്കൽ ഒരു വീട്. **في الْجنة** സ്വർഗത്തിൽ. **ونجنِي** എന്നെ രക്ഷിക്കുകയും വേണമേ. **من فرعونَ** ഫിർഔനിൽ നിന്ന്. **وعمله**

അവൻെറ പ്രവർത്തനത്തിൽ നിന്നും. **وَنَجِّنِي** എന്നെ രക്ഷപ്പെടുത്തുകയും വേണമേ. **مِنَ الْقَوْمِ** ജനങ്ങളിൽനിന്ന്. **الظَّالِمِينَ** അക്രമികളായ. 12 **وَمَرْيَمَ** മർയമിനെയും. **ابْنَةَ عِمْرَانَ** ഇംറാൻെറ മകൾ, പുത്രി. **الَّتِي أَحْصَنَتْ** സൂക്ഷിച്ച (കാത്ത)വളായ. **فَرْجَهَا** തൻെറ ഗുഹ്യസ്ഥാനം. **فَنَفَخْنَا فِيهِ** അങ്ങനെ നാം അതിൽ ഊതി. **مِن رُّوحِنَا** നമ്മുടെ ആത്മാവിൽ (ജീവനിൽ) നിന്ന്. **وَصَدَّقَتْ** അവൾ സത്യമാക്കുക (ശരിവെക്കുക)യും ചെയ്തു. **بِكَلِمَاتِ** വചനങ്ങളെ, വാക്ക് (കൽപന)കളെ. **رَبِّهَا** അവളുടെ റബ്ബിൻെറ. **وَكُتُبِهِ** അവൻെറ വേദഗ്രന്ഥങ്ങളെയും. **وَكَانَتْ** അവൾ ആയിരുന്നുതാനും, ആയിത്തീരുകയും. **مِنَ الْقَانِتِينَ** ഭക്തമാരിൽപെട്ട (വൾ) , കീഴ്‌വണക്കമുള്ളവരുടെ കൂട്ടത്തിൽ.

സത്യവിശ്വാസവും, സൽക്കർമ്മവും കൊണ്ടല്ലാതെ ആർക്കും രക്ഷയില്ല, പ്രവാചകൻമാര ടക്കമുള്ള മഹാൻമാരുടെ സന്ധുബന്ധുക്കൾപോലും ഇതിൽ നിന്നു ഒഴിവല്ല, അല്ലാഹുവിങ്കൽ നിന്നുണ്ടാകുന്ന ശിക്ഷാനടപടികളെ ആർക്കും ആരിൽനിന്നും തടയുവാൻ സാധ്യമല്ല, നേരെ മറിച്ച് എത്ര ധിക്കാരികളായ അവിശ്വാസികളുടെ ബന്ധുക്കളായിരുന്നാലും അവർ സത്യവിശ്വാസികളും സൽകർമികളുമാണെങ്കിൽ അവർക്ക് അല്ലാഹുവിങ്കൽ രക്ഷയും പ്രതിഫലവുമുണ്ട്. ഇതിൽ ആണും പെണ്ണും എന്ന വ്യത്യാസമില്ല എന്നിങ്ങിനെയുള്ള യാഥാർത്ഥ്യങ്ങൾക്ക് ചില ഉദാഹരണങ്ങളാണ് അല്ലാഹു ഈ വചനങ്ങളിൽ എടുത്തുകാണിക്കുന്നത്.

ആദ്യം പറഞ്ഞതിന് ഉദാഹരണമായി നൂഹ് (عليه السلام), ലൂത്ത് (عليه السلام) എന്നീ പ്രവാചകൻമാരുടെ ഭാര്യമാരെ അല്ലാഹു എടുത്തുകാട്ടി. രണ്ടു സ്ത്രീകളും അവരുടെ ഭർത്താക്കളായ ആ പ്രവാചകൻമാരെ വഞ്ചിച്ചു. നൂഹ് (عليه السلام) ൻെറ ഭാര്യ അദ്ദേഹത്തെക്കുറിച്ച് അദ്ദേഹത്തിനു ഭ്രാന്താണെന്ന് ജനമദ്ധ്യെ പ്രചരിപ്പിച്ചിരുന്നുവെന്നും, ലൂത്ത് (عليه السلام) ൻെറ ഭാര്യ അദ്ദേഹത്തിൻെറ അടുക്കൽ വരുന്ന അതിഥികളെക്കുറിച്ച് അദ്ദേഹത്തിൻെറ നാട്ടുകാർക്ക്-പ്രകൃതി വിരുദ്ധമായ ദുർന്നടപ്പുകളിൽ മുഴുകിയവരായിരുന്നുവല്ലോ അവർ-ഗൂഢമായി വിവരം കൊടുത്തിരുന്നുവെന്നും മറ്റും പറയപ്പെടുന്നു. അല്ലാഹുവിനറിയാം. ഏതായാലും, രണ്ടുപേരും തങ്ങളുടെ ഭർത്താക്കളായ പ്രവാചകൻമാരുടെ പ്രബോധനങ്ങൾക്കും അദ്ധ്യാപനങ്ങൾക്കും എതിരായി കാപട്യം സ്വീകരിക്കയാണ് ചെയ്തിരുന്നത്. എന്നാൽ, പ്രവാചകൻമാർക്ക് അവരെ അല്ലാഹുവിൻെറ ശിക്ഷയിൽനിന്ന് ഒഴിവാക്കുവാൻ കഴിഞ്ഞില്ല. പ്രവാചകൻമാരുടെ ഭാര്യമാരാണെന്നതുകൊണ്ട് അവർക്ക് എന്തെങ്കിലും രക്ഷകിട്ടിയതുമില്ല.

വമ്പിച്ച ശക്തിയും പ്രതാപവുമുള്ളവനും, അങ്ങേ അറ്റത്തെ ധിക്കാരിയുമായിരുന്ന ഫിർഔൻെറ ഭാര്യയുടെ നില-ഇവരുടെ പേർ ആസിയ: എന്നാണെന്നു ഹദീസിൽ വന്നിട്ടുണ്ട്- ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. അവൻെറ അക്രമങ്ങളോ അഭീഷ്ടങ്ങളോ വക വെക്കാതെ, അവർ അല്ലാഹുവിൽ വിശ്വസിക്കുകയും, ആ വിശ്വാസം നിലനിറുത്തുവാൻ വേണ്ടി വമ്പിച്ച ത്യാഗങ്ങൾ വരിക്കുകയും, എല്ലാം അല്ലാഹുവിൽ അർപ്പിക്കുകയും ചെയ്തു. അങ്ങിനെ അവർക്ക് അല്ലാഹുവിങ്കൽ മഹത്തായ സ്ഥാനമാനങ്ങൾ ലഭിക്കുകയും ചെയ്തു. ഇതുപോലെ, അല്ലാഹുവിൻെറ വമ്പിച്ച അനുഗ്രഹങ്ങൾക്കു പാത്രമായ മറ്റൊരു മഹതിയാണ് ഇംറാൻെറ മകളും, ഈസാ (عليه السلام) നബിയുടെ മാതാവുമായ മർയം (عليها السلام). ഗുണവതിയും സദ്‌വൃത്തയുമായിരുന്ന അവർ തൻെറ ചാരിത്ര്യം കാത്തുരക്ഷിക്കുകയും, അല്ലാഹുവിൻെറ കൽപനകളും വേദവാക്യങ്ങളും ശരിക്കു പാലിച്ചു കൊണ്ട് ഭക്തിപൂർവ്വം ജീവിക്കുകയും ചെയ്തു. അങ്ങനെ, അവർ അല്ലാഹുവിൻെറ മഹത്തായ ആദരവിനും അനുഗ്രഹത്തിനും പാത്രമായിത്തീർന്നു.

'ഗുഹ്യസ്ഥാനം സൂക്ഷിച്ചവൾ' (التى احصنت فرجها) എന്നു പറഞ്ഞതിൻെറ സാരം തൻെറ ചാരിത്ര്യശുദ്ധി സംരക്ഷിച്ചവൾ എന്നത്രെ. ഈ അർത്ഥത്തിന് ഖുർആൻ ഈ വാക്കുകൾ

ഉപയോഗിച്ചതില്‍ അടങ്ങിയ ചില സൂചനകളും മറ്റും സൂ: അമ്പിയാഉ് 91 ന്‍റെ വ്യാഖ്യാനത്തില്‍ നാം വിവരിച്ചത് ഓര്‍ക്കുക. ഈ സൂറത്തിന്‍റെ അവസാനത്തില്‍ രണ്ടു ദുഷിച്ച സ്ത്രീകളുടെ ഉദാഹരണങ്ങളും, രണ്ടു സദ്‌വൃത്തരായ സ്ത്രീകളുടെ ഉദാഹരണങ്ങളും ഉദ്ധരിച്ചതില്‍, നബി (ﷺ) യുടെ പത്നിമാര്‍ ആദ്യത്തെ രണ്ടുപേരെപ്പോലെ ആകാതിരിക്കുവാനും, ഒടുവിലത്തെ രണ്ടു സ്ത്രീകളെപ്പോലെ ആയിരിക്കുവാനും ശ്രദ്ധിക്കേണ്ടതുണ്ട് എന്ന ഒരു സൂചന കാണാം. الله اعلم

اللهم اجعلنا من القانتين واحشر نا مع الذين انعمت عليهم من النبيين والصديقين والشهداء والصالحين وحسن اولئك رفيقا

Translation & Intereptation by:

Muhammed Amani Moulavi
Published by:

Kerala Nadvathul Mujahideen – Mujahid Centre – Calicut -4

Prepared by:
www.islamhouse.com as per the copyright received from the Publishers:
To be used for Reference and Daawa purpose only.